നം.കെ.എസ്.എ.പി.റ്റി.എ.പി4/99/2019 തീയതി: 20.02.2019

പത്തനംതിട്ട ജില്ലയിലെ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പത്തനംതിട്ട ജില്ലയിലെ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 21.06.2017മുതൽ 15.01.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പു കളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 ഓഡിറ്റ് എൻക്വയറി നൽകിയതിൽ 20 അന്വേഷണക്കുറിപ്പുകൾക്ക് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഓഡിറ്റ് അന്വേഷണകുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.01.2019 മുതൽ 25.01.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീമതി സ്മിശ്ചം.എസ്, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)<br>ശ്രീമതി കവിത.ടി.എം, ഓഡിറ്റ് ഓഫീസർ<br>ശ്രീ.ഹരികമാർ ബി. സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി ആശാ.എം.കുരുവിള, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ബീന ജേക്കബ് | 01.04.2017മുതൽ 31.03.2018വരെ |
| സെക്രട്ടറി | ശ്രീ. പി. ഗോപാലകൃഷ്ണപിള്ള | 01.04.2017മുതൽ 31.05.2017 വരെ |
| | ശ്രീ. എൻ. കുമാരസ്വാമി (അസി. സെക്രട്ടറി) സെക്രട്ടറിയുടെ അധിക ചുമതല | 01.06.2017 മുതൽ 04.06.2017 വരെ |
| | ശ്രീ. എസ്. വിജയ് | 05.06.2017 മുതൽ 31.03.2018 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2017-18
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2017-18

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം **1** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | തനത് വരുമാനം | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| 13 | വാർഷിക കണക്കിലെ അപാകതകൾ | 1-13 |
| | ഭാഗം **II** - വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 14 | മൊബൈൽ ടവറുകൾക്ക് അനുബന്ധമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെ മോട്ടോർഫീസ് ഈടാക്കുന്നില്ല | 2-1 |
| 15 | അനർഹമായി വസ്തുനികുതി ഇളവ് അനുവദിച്ചു | 2-2 |
| 16 | മൊബൈൽ ടവറിന്റെ അസസ്സ്മെന്റിൽ പിഴവ്- പഞ്ചായത്ത്ഫണ്ടിനു നഷ്ടം | 2-3 |
| | ഭാഗം III – ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 17 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - ഫണ്ടിന്റെ അഭാവം മൂലം പ്രോജക്ട് പൂർണ്ണമായും ലക്ഷ്യം കൈവരിച്ചില്ല | 3-1 |
| 18 | പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 3-2 |
| 19 | ഐ.എസ്.ഒ സർട്ടിഫിക്കേഷനായുള്ള കർമ്മ പദ്ധതി ഫർണിച്ചർ വാങ്ങലിലൊതുങ്ങി | 3-3 |
| 20 | ബാലസഭാപ്രവർത്തനങ്ങൾക്ക് പ്രോജക്ട് വെച്ച് കൈമാറിയ തുക ചെലവഴിക്കാതെ കുടുംശ്രീ അക്കൗണ്ടിൽ | 3-4 |
| 21 | വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച 3496264 രൂപ ചെലവഴിക്കാൻ ബാക്കി നിൽക്കുന്നു | 3-5 |
| 22 | സാന്ത്വനം പാലിയേറ്റീവ് കെയർ പദ്ധതി- ശ്രദ്ധിക്കേണ്ടമേഖലകൾ | 3-6 |
| 23 | പാലിയേറ്റീവ് പദ്ധതിയുമായി ബന്ധപ്പെട്ട മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നില്ല | 3-7 |
| 24 | മരാമത്ത് പ്രവൃത്തികൾ-രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല | 3-8 |

| | | |
|---|---|---|
| 25 | ആസ്തി സംരക്ഷണ പദ്ധതികൾ-മാർഗ്ഗരേഖനിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല | 3-9 |
| 26 | പൊതുമരാമത്തു പ്രവർത്തികൾ ഫണ്ട് വകയിരുത്തലും നിർവ്വഹണവും | 3-10 |
| 27 | കണക്ടിവിറ്റി പ്ലാൻ, റോഡ് മാപ്പ് എന്നിവ തയ്യാറാക്കിയിട്ടില്ല | 3-11 |
| 28 | പടവിനകം പാടശേഖരം-വാച്ചാൽ തോട് സംരക്ഷണം-നിർവഹണ ഉദ്യോഗസ്ഥന്റെ വീഴ്ച മൂലം പദ്ധതിതുക ലാപ്സായി | 3-12 |
| | ഭാഗം IV – പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 29 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകകളുടെ വിവരങ്ങൾ | 4-2 |
| 31 | മൊബലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 32 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 36 | ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2017-18വർഷത്തെ ബജറ്റ് 24.03.2017-ലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചത് 21.02.2018 ലെ 15(7) നമ്പർ തീരുമാന പ്രകാരം റിവൈസ് ചെയ്തിട്ടുണ്ട്. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റിൽ പ്രതീക്ഷിച്ചത് | യഥാർത്ഥ തുക | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 1044524.56 | 11432815.76 | 10388291 | |
| വരവ് | 96460500 | 64582923 | | 31877577 |
| ആകെ | 97505024.56 | 76015738.76 | | 21489286 |
| ചെലവ് | 95810500 | 67195766 | | 28614734 |
| നീക്കിയിരിപ്പ് | 1694524.56 | 8819972.76 | 7125448.2 | |

ബജറ്റിൽ പ്രതീക്ഷിത വരവ് ചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള വരവ് ചെലവ് കണക്കുകളും തമ്മിൽ ഗണ്യമായ വ്യതിയാനം ഉണ്ടെന്ന് മേൽ കണക്കുകൾ വ്യക്തമാക്കുന്നു. മുൻവർഷത്തെ വരവ് ചെലവ് കണക്കുകളെയും, പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതിയും ആധാരമാക്കിയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്തിലെ സാമ്പത്തിക നിയന്ത്രണത്തിനുള്ള ഉപാധിയാണ് ബജറ്റ്. ബജറ്റിൽ കാണിച്ചിട്ടുള്ള പെരുപ്പിച്ച വരവ് ചെലവ് കണക്കുകൾ ശരിയായ സാമ്പത്തിക നിയന്ത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തിട്ടില്ല. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്ക് സെക്രട്ടറി സമർപ്പിച്ചിട്ടില്ല. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചല്ല കരട് ബജറ്റ് ധനകാര്യ സ്റ്റാൻഡിംഗ്കമ്മിറ്റി തയ്യാറാക്കിയിട്ടുള്ളതെന്ന് ബജറ്റ് കണക്കുകളിലെ വ്യതിയാനങ്ങളിൽനിന്നും വ്യക്തമാണ്. ബജറ്റ് നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റികളിലും, ജനറൽ കമ്മിറ്റിയിലും വിശദമായ ചർച്ചയ്ക്കും വിശകലനത്തിനും വിധേയമാക്കിയിട്ടുണ്ടോയെന്നതു സംബന്ധിച്ച് മിനിട്ട്സിൽ രേഖപ്പെടുത്തൽ ഇല്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 പ്രകാരമുള്ള എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടും പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി പരിഗണിച്ചുകൊണ്ടും ബജറ്റ് തയ്യാറാക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 14.05.2018 |

## 1-3 വാർഷിക ധനകാര്യപത്രികയ്ക്ക് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

ഗ്രാമപഞ്ചായത്തിന്റെ 2017-18വർഷത്തെ വാർഷിക ധനകാര്യ പത്രികയിന്മേലുള്ള സാക്ഷ്യപത്രം (വിശേഷണങ്ങളോടു കൂടിയത്)

09-7-2018-ലെ കെ.എസ്.എ.പി.റ്റി.എ.പി-4/741/18- നമ്പരായി പുറപ്പെടുവിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11432815.76 |
| വരവ് | 64582923 |
| ആകെ | 76015738.76 |
| ചെലവ് | 67195766 |
| നീക്കിയിരിപ്പ് | 8819972.76 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | | 12392000 | 12392000 | 11668496 | 723504 |
| വികസനഫണ്ട്-എസ്.സി.പി. | | 4882017 | 4882017 | 3549234 | 1332783 |
| വികസനഫണ്ട്-ടി.എസ്.പി. | | 32986 | 32986 | 32986 | 0 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | | 8576000 | 8576000 | 7725114 | 850886 |

| | | | | | |
|---|---|---|---|---|---|
| മെയിനൻസ് ഗ്രാന്റ് - നോൺറോഡ് | | 2729000 | 2729000 | 1313113 | 1415887 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 5819149 | 5819149 | 5819149 | 0 |
| കെ.എൽ.ജി. എസ്.ഡി.പി. | | 1435114 | 1435114 | 1142520 | 292594 |
| ട്രഷറി ടി.എസ്.ബി. (ജനറൽ പർപ്പസ്) | 2849505 | 8041000 | 10890505 | 10296499 | 594006 |
| എസ്.ബി.ഐ. ലിറ്ററസി | 4641 | 28068 | 32709 | 12000 | 20709 |
| എം.എൻ.ആർ.ഇ. ജി.എസ്. | 33733 | 1023273 | 1057006 | 978826 | 78180 |
| ട്രഷറി റ്റി.എസ്.ബി. ജോയിന്റ് വെഞ്ചർ | 190000 | 10252250 | 10442250 | 11277820 | (-)835570 |
| കറന്റ് അക്കൗണ്ട് | 0 | 47780 | 47780 | 0 | 47780 |
| ബി-ഫണ്ട് | | 802596 | 802596 | 802596 | 0 |
| തനത് ഫണ്ട് | 8295798.76 | 14056316 | 22352114.76 | 13511439 | 8840675.76 |
| സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ (GST) | 0 | 42079 | 42079 | 42079 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 150 | 116 | - | 34 | 77 |

പദ്ധതി നിർവ്വഹണ വിവരങ്ങൾ

| മേഖല | അംഗീകരിച്ച പ്രൊജക്ടുകൾ | | നടപ്പിലാക്കിയ പ്രൊജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | ആകെ തുക | എണ്ണം | ചെലവ് തുക | ചെലവ് % |
| ഉല്പാദനം | 13 | 18852512 | 13 | 12050449 | 63.91 |
| സേവനം | 45 | 21771797 | 37 | 14752399 | 67.75 |
| പശ്ചാത്തലം | 92 | 22037340 | 66 | 13996105 | 63.51 |
| ആകെ | 150 | 62661649 | 116 | 40798953 | 65.10 |

## 1-7 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയിലെ തൻവർഷത്തെ വരവ് ചെലവ് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | | | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|
| | | | | അഡ്മിനിസ്ട്രേഷൻ | വേതനം | മെറ്റീരിയൽ | ആകെ | |
| ഭരണ ചെലവുകൾ | 33733 | 1023273 | 1067006 | 978826 | | - | 978826 | 78180 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 14489515 | 14489515 | | 12018546 | 247069 | 14489515 | 0 |

| (EFMS) | | | | | | | | | |
|---|---|---|---|---|---|---|---|---|---|

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 677 | 8257800 |
| വാർദ്ധക്യകാല പെൻഷൻ | 1110 | 15834700 |
| വിധവാ പെൻഷൻ | 646 | 7743400 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 31 | 387400 |
| വികലാംഗ പെൻഷൻ | 237 | 2722400 |
| തൊഴിൽ രഹിത വേതനം | 27 | 10200 |

## 1-9 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുൻവർഷം 2016-17 | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 5761570 | 9143728 | 3382158 |
| നികുതിയേതര വരവുകൾ | 423672 | 1147923 | (+)724251 |
| മറ്റ് വരവുകൾ | 340152 | 384059 | 43907 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-01-2019, 2.30 pm-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 44,459 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം-വിലയിരുത്തൽ

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ താഴെപ്പറയുന്ന പോരായ്മകൾ ഉള്ളതായി കാണുന്നു.

1. ബജറ്റ് മാനവൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യസ്റ്റാൻഡിംഗ് പരാജയപ്പെട്ടു.
2. കമ്മറ്റിയുടെയും ഉദ്യോഗസ്ഥരുടെയും ഇടപെടൽ കാര്യക്ഷമമല്ല.
3. തനതുവരുമാനം വർദ്ധിപ്പിയ്ക്കുന്നതിനുള്ള ചർച്ചകൾ ,പുതിയ വരുമാന നിർദ്ദേശങ്ങൾ എന്നിവ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയിൽ ഉണ്ടായിട്ടില്ല.
4. ഓഫീസ് ഉത്തരവ് പ്രകാരം വിവിധ ഉദ്യോഗസ്ഥർക്ക് ചുമതലകൾ വീതിച്ച് നൽകിയിട്ടുണ്ടെങ്കിലും പേഴ്സണൽ രജിസ്റ്ററുകളും സൂചിക സോഫ്റ്റ് വെയറുകളും കൃത്യമാക്കിയിട്ടില്ല.
5. വസ്തുനികുതി ഡിമാൻഡ് ,സഞ്ചയ ഡിമാൻഡുമായി പൊരുത്തപ്പെടുന്നില്ല.
6. ഗാർഹിക കുടിവെള്ള കണക്ഷൻ 110 കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ടെങ്കിലും പൊതുടാപ്പുകളുടെ വെള്ളക്കരം കുറയുന്നില്ല.
7. ഓരോവർഷവും ആർജ്ജിയ്ക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.
8. ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണെങ്കിലും ISO സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള പ്രവർത്തനങ്ങൾ ഫർണിച്ചർ വാങ്ങിയതിൽ മാത്രമായി ഒതുങ്ങി.
9. പൗരാവകാശരേഖ പുതുക്കിയിട്ടില്ല.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം | ഓഡിറ്റ് | റിപ്പോർട്ട് |
|---|---|---|---|

| | ഓഡിറ്റ് നടത്തിയ തീയതി | കാലയളവ് | പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08-11-18 മുതൽ 12-11-18 വരെ | 2018ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29-08-17 മുതൽ 15-09-17 വരെ | 2016-17 | 06-11-2017 |

## 1-13 വാർഷിക കണക്കിലെ അപാകതകൾ

ഷെഡ്യൂൾ I-1, RP-43 എന്നിവയിലെ കെട്ടിട നികുതി തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രികയിലെ ടി ന്യൂനത പരിഹരിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകൾക്ക് അനുബന്ധമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെ മോട്ടോർഫീസ് ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ 8 മൊബൈൽ ടവറുകളുണ്ട്. ഇവയ്ക്ക് അനുബന്ധമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെ മോട്ടോർഫീസ് ഈടാക്കുന്നില്ല (ഓഡിറ്റ് അന്വേഷണകുറിപ്പ് നം.18/22.01.19). 1996-ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക 4-ൽ മോട്ടോർഫീസ്ഈടാക്കുന്നതിനെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. ജനറേറ്ററുകളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ മോട്ടോർഫീസ് കണക്കാക്കി ടവറുടമകളിൽ നിന്ന് മോട്ടോർ ഫീസ് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 2-2 അനർഹമായി വസ്തുനികുതി ഇളവ് അനുവദിച്ചു

വസ്തു നികുതിയുമായി ബന്ധപ്പെട്ട കണക്കുകൾ പരിശോധിച്ചപ്പോൾ 11-ാം വാർഡിൽ താമസിക്കുന്ന ശ്രീമതി രമണീഭായി, പവ്വത്തിൽ വീട്, പെരിങ്ങരയുടെ പേരിലുള്ള 100 ച.മീ. കെട്ടിടത്തിന് വിമുക്തഭടന്റെ വിധവയുടെ പേരിലുള്ള ഒറ്റ വാസഗൃഹം എന്ന ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഇളവ് നൽകിയിരുന്നു. എന്നാൽ ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് (നം.14/18.01.19)-നുള്ള മറുപടിയിൽ ശ്രീമതി രമണീഭായിയുടെ ഭർത്താവ് ആസ്സാം റൈഫിൾസിൽ നിന്നും വിരമിച്ച വ്യക്തിയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലവിലെ സർക്കാർ ഉത്തരവ് സ.ഉ(കൈ.)നം.106/2017/ത.സ്വ.ഭ.വ. തീയതി 26.05.2017 പ്രകാരം ടിയാൾക്ക് നികുതി ഇളവിന് അർഹതയില്ല. ആസ്സാം റൈഫിൾസിൽ നിന്നും വിരമിച്ച ആളുടെ വിധവയ്ക്ക് നികുതി ആനുകൂല്യം നൽകിയത് ആയതിനാൽ ക്രമപ്രകാരമല്ല. ഈ സാഹചര്യത്തിൽ വസ്തുനികുതിയിളവ് ആനുകൂല്യത്തിനർഹതയില്ലാത്ത പ്രസ്തുത വ്യക്തിയിൽ നിന്നും നിലവിലെ നിരക്ക് അനുസരിച്ച് ഈടാക്കുന്നതിന് നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറിന്റെ അസസ്സ്മെന്റിൽ പിഴവ്- പഞ്ചായത്ത്ഫണ്ടിനു നഷ്ടം

പതിമൂന്നാം വാർഡിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള, വോഡാഫോൺ ടവറിന്റെ വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. 2013-14 മുതൽ 25 ച.മീ.നു മാത്രമാണ് നികുതി ഈടാക്കി വരുന്നത്. ഇതിന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നം.18/23.01.19 നുള്ള മറുപടിയിൽ ആകെ ഏരിയായുടെ വിവരം താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| ബി.റ്റി.എസ്. | 12 ച.മീ. |
| ഡി.ജി. | 12 ച.മീ. |
| ഷെൽറ്റർ | 6 ച.മീ. |
| ആകെ | 30 |

മൊബൈൽ ടവറുകളും അനുബന്ധ സൗകര്യങ്ങളായ ഡി.ജി., ഷെൽട്ടർ എന്നിവയും ഒറ്റ യൂണിറ്റായി പരിഗണിച്ച് ഏരിയ കണക്കാക്കിയാണ് വസ്തുനികുതി നിർണ്ണയിക്കേണ്ടത്. എന്നാൽ പ്രസ്തുത ടവറിന്റെ 25 ച.മീഏരിയയ്ക്കു മാത്രമാണ് വസ്തുനികുതി നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്നത് . നികുതിനിർണ്ണയത്തിലെ പിഴവ് തിരുത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. നാളിതുവരെ ലഭിക്കുവാനുള്ള കൃത്യമായ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

ബി.എസ്.എൻ.എൽ ടവറിന് നാളിതുവരെ വസ്തു നികുതി അടവാക്കിയിട്ടില്ല. ടി നികുതി ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതും, എല്ലാ മൊബൈൽ ടവറിന്റെയും ആകെ ഏരിയായുടെ അടിസ്ഥാനത്തിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫണ്ടിന്റെ അഭാവം മൂലം അർഹമായ സബ്സിഡി അനുവദിക്കുന്നില്ല

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2017-18 വാർഷിക പദ്ധതിയുടെ ഭാഗമായി വികസന ഫണ്ടിൽ നിന്നും 150000രൂപയും ബ്ലോക്ക് വിഹിതമായി ലഭിച്ച 300000 രൂപയും വകയിരുത്തി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട് (പ്രോജക്ട് നം. S0229/18). പഞ്ചായത്ത് പ്രദേശത്തെ ആലംതുരുത്തി, മേപ്രാൽ, ചാത്തങ്കരി എന്നീ മൂന്ന് ക്ഷീര സംഘങ്ങളിലുൾപ്പെട്ട 127 ക്ഷീര കർഷകർക്കാണ് സബ്സിഡി ലഭ്യമാക്കിയിട്ടുള്ളത്. [ജി.ഒ.(എം.എസ്)നം.80/17/ത.സ്വ.ഭ.വ., തീ.03/04/17] അനുസരിച്ച് 2017-18 ൽ ഡിപ്പാർട്ട്മെന്റ് ഫണ്ട് ഉൾപ്പടെ ലിറ്ററിന് 4 രൂപ നിരക്കിൽ പരമാവധി 30000 രൂപ വരെ കർഷകന് സബ്സിഡി അനുവദിക്കാവുന്നതാണ്. ഡിപ്പാർട്ട്മെന്റ് ഫണ്ട് തികയാതെ വരുന്ന സാഹചര്യത്തിൽ ബാക്കി വരുന്ന ഒരു രൂപ കൂടി പഞ്ചായത്ത് പദ്ധതിയിൽ തുക വകയിരുത്തി നൽകാവുന്നതാണ്. എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശരാശരി 3.11 രൂപ നിരക്കിൽ മാത്രമാണ് സബ്സിഡി നൽകിയിട്ടുള്ളത്. 17383 രൂപയാണ് പരമാവധി നൽകിയിട്ടുള്ള തുക. പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിരുന്നെങ്കിൽ എല്ലാ കർഷകർക്കും ലിറ്ററിന് 4 രൂപ നിരക്കിൽ സബ്സ്ഡി ലഭ്യമാക്കുവാൻ സാധിക്കുമായിരുന്നു. ഗ്രാമ/ബ്ലോക്ക്/ജില്ലാപ്പഞ്ചായത്തുകൾ സംയുക്തമായി പ്രോജക്ട് നടപ്പിലാക്കാനാണ് സർക്കാർ നിർദ്ദേശിച്ചിരുന്നതെങ്കിലും ജില്ലാപ്പഞ്ചായത്തിന്റെ വിഹിതം ലഭ്യമാക്കുവാൻ നടപടി കൈക്കൊള്ളാതിരുന്നതും പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയായി വിലയിരുത്തുന്നു. ഭാവിയിൽ ആവശ്യകതക്കനുസൃതമായി ഫണ്ട് വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുവാൻ വികസന കാര്യ സ്റ്റാന്റിംഗ്കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 ശമ്പളപരിഷ്കരണത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നില്ല

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും സ. ഉ (പി)നം.7/2016/ഫിൻ തീ. 20.01.2016 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 1, 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ശമ്പളപരിഷ്കരണ ഉത്തരവ് ഖണ്ഡിക48 പ്രകാരം 01/07/2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് നാളിതുവരെ ഒടുക്കിയില്ല. ധനകാര്യ വകുപ്പിന്റെ 22/3/17-ലെ 16/2017/ഫിൻ സർക്കുലർ അനുസരിച്ച് 31.1.2016-ൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്ന ചുവടെ ചേർക്കുന്ന ജീവനക്കാർക്ക് 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | തസ്തിക |
|---|---|---|
| 1. | ശ്രീലേഖ. എൽ.എച്ച് | സെക്രട്ടറി |
| 2. | ശ്രീ. കുമാരസ്വാമി. എൻ | അസി.സെക്രട്ടറി |
| 3. | ശ്രീ. കെ. വി. രാധാകൃഷ്ണൻ നായർ | അസി.സെക്രട്ടറി |
| 4. | ശ്രീ.ഗണേശൻ. എസ് | അക്കൗണ്ടന്റ് |
| 5. | ശ്രീമതി. ലത.ജി.പണിക്കർ | സീനിയർ ക്ലാർക്ക് |
| 6. | ശ്രീ. വിനോദ്.എം.ബി | സീനിയർ ക്ലാർക്ക് |
| 7. | ശ്രീമതി.സമീന. എ | സീനിയർ ക്ലാർക്ക് |
| 8. | ശ്രീ. പ്രശാന്ത്കുമാർ. യു | ക്ലാർക്ക് |
| 9. | ശ്രീമതി. റിനിജ. എച്ച് | ക്ലാർക്ക് |
| 10. | നിഖിൽ രാജ്. ബി | ക്ലാർക്ക് |
| 11. | നിലീമ.എൽ | ക്ലാർക്ക് |
| 12. | ശ്രീമതി. രജനിദേവി.ജി.വി | ഓഫീസ് അറ്റൻഡന്റ് |
| 13. | ശ്രീമതി. വൽസലാകുമാരി. ആർ | എഫ്.റ്റി.എസ് |
| 14. | ശ്രീ.സാംകുട്ടി എം.എൻ | പി.റ്റി.എൽ |

പെൻഷൻ കോൺട്രിബ്യൂഷൻ കൃത്യമായി കണക്കാക്കി യഥാസമയം ഒടുക്കുന്നത് സംബന്ധിച്ച് GO(MS)205/90/LAF/3.12.90, സർക്കുലർ നം.54140/EPA-2/07/LSGD/26.06.2008, പഞ്ചായത്തു ഡയറക്ടറുടെ 17.11.2003-ലെ സർക്കുലർ നം.F3/26572/03 എന്നിവ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഓരോ മാസത്തേയും പെൻഷൻ കോൺട്രിബ്യൂഷൻ തൊട്ടടുത്ത മാസം 5-ാം തീയതിയ്ക്ക് മുൻപായി അടയ്ക്കേണ്ടതാണെന്നും അപ്രകാരം ചെയ്യാതിരിക്കുന്നതുമൂലം ഉണ്ടാകുന്ന നഷ്ടത്തിന് സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണെന്ന് നിർദ്ദേശങ്ങളിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

മേൽ പരാമർശിച്ച ജീവനക്കാർക്ക് അർഹമായ അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

## 3-3 ഐ.എസ്.ഒ. സർട്ടിഫിക്കേഷനായുള്ള കർമ്മ പദ്ധതി ഫർണിച്ചർ വാങ്ങലിലൊതുങ്ങി

മികവുറ്റ സേവനം കാലവിളംബമില്ലാതെ പൗരൻമാർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നിരണം ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നം S0218/18 പ്രകാരം 1375670 രൂപ വകയിരുത്തിയിരുന്നു. എന്നാൽ സേവനപ്രദാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഐ.എസ്.ഒ നേടുന്നതിനായി രൂപീകരിച്ച ഈ പദ്ധതിയുടെ രൂപീകരണവും നിർവ്വഹണവും ഉദ്ദേശലക്ഷ്യങ്ങൾ സാധൂകരിക്കുന്നതല്ല. സ.ഉ(എം.എസ്) നം.373/13/ത.സ്വ.ഭാ.വ, തീ.02.12.2013 പ്രകാരം ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനായി പഞ്ചായത്തുകൾ സ്വീകരിക്കേണ്ട മുന്നൊരുക്കങ്ങളെപ്പറ്റിയും നടപടിക്രമങ്ങളെക്കുറിച്ചും വിശദമായ

മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് എന്ന ലക്ഷ്യം നേടുന്നതിനായി വിശദമായ പ്രോജക്ട് തയ്യാറാക്കുകയും ഐ.എസ്.ഒ കൺസൾട്ടന്റിനെ നിയമിക്കുകയുമാണ് ആദ്യപടിയായി ചെയ്യേണ്ടത്. അതോടൊപ്പംതന്നെ സ്ഥാപനത്തിന്റെ ഉത്തരവാദിത്തങ്ങളെക്കുറിച്ചും ഗുണമേൻമ നയം, ലക്ഷ്യങ്ങൾ, ഗുണമേൻമ സംവിധാനം, സേവനങ്ങൾ എന്നിവ സംബന്ധിച്ച ആധികാരിക രേഖയായ ക്വാളിറ്റി മാനവൽ തയ്യാറാക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള യാതൊരു നടപടിക്രമങ്ങളും പാലിക്കാതെയും വിശദമായ രൂപ രേഖ തയ്യാറാക്കാതെയുമാണ് 1375670 രൂപ ലോക ബാങ്ക് ധനസഹായം വകയിരുത്തിയത്. ഇതിൽ 1142520 രൂപ ചെലവഴിച്ച് ഓഫീസിലേക്കാവശ്യമായ ഫർണിച്ചർ വാങ്ങിയിട്ടുള്ളതാണ് ആകെ നടത്തിയിട്ടുള്ള പദ്ധതി പ്രവർത്തനം. ഇവ വാങ്ങുന്നതിന് മുൻപ് നിലവിലുള്ള സേവന പ്രദാന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി അധികമായി വേണ്ടുന്ന പശ്ചാത്തല സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് നിർണ്ണയിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. ഐ.എസ്.ഒ നേടുന്നതിയാള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായ് ഐ.എസ്.ഒ കൺസൾട്ടന്റിന്റെ നിയമനം, പൗരസമൂഹ സർവ്വേ, റെക്കോർഡ് റൂം സജ്ജീകരണം,ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിനായുള്ള ബോധവൽക്കരണ പരിപാടികൾ, തുടർ പരിശീലന പരിപാടികൾ എന്നിവയ്ക്കായുള്ള തുക പ്രോജക്ടിൽ വക കൊള്ളിക്കാതെ ഫർണിച്ചർ വാങ്ങുന്നതിനായുള്ള ഒരു പദ്ധതിയായ് മാത്രം രൂപീകരിച്ച് നടപ്പാക്കിയത് തികച്ചും ദീർഘവീക്ഷണമില്ലാത്ത പ്രവർത്തിയാണ്. ഐ.എസ്.ഒ സർട്ടിഫിക്കേഷനായി തയ്യാറാക്കിയ കർമ്മ പദ്ധതിയുടെ മോണിട്ടറിംഗിനായി മേൽ സൂചിത മാർഗ്ഗരേഖ പ്രകാരം പ്രത്യേക സ്റ്റീയറിംഗ് കമ്മിറ്റി രൂപികരിക്കേണ്ടതും മാർഗ്ഗരേഖാ നിർദ്ദേശങ്ങളുൾക്കൊണ്ട് വ്യക്തമായ കാഴ്ചപ്പാടോടുകൂടി തുടർ പദ്ധതികൾ ആവിഷ്കരിച്ച് സർട്ടിഫിക്കേഷൻ നേടേണ്ടതുമാണ്.

## 3-4 ബാലസഭാപ്രവർത്തനങ്ങൾക്ക് പ്രോജക്ട് വെച്ച് കൈമാറിയ തുക ചെലവഴിക്കാതെ കുടുംശ്രീ അക്കൗണ്ടിൽ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നം- S0106/18 പ്രകാരം 2017-18 സാമ്പത്തിക വർഷം ബാലസഭാ പ്രവർത്തനങ്ങൾക്കായി 25000/- രൂപ വികസസന ഫണ്ട്, ബിൽ നം.03/2017-18 dtd. 24.08.17 പ്രകാരം മാറി സി.ഡി.എസ് മെംബർ സെക്രട്ടറി പേർക്കുള്ള സെൻട്രൽ ബാങ്ക് ,കാവുംഭാഗം ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ (നം-3628839011) ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ തൻവർഷം ബാലസഭാ പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. കുട്ടികളുടെ സർവ്വതോൻമുഖമായ വികസനത്തിനും സർഗ്ഗാത്മകമായ കഴിവുകൾ വളർത്താനും പാഠ്യ, പാഠ്യേതര പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകാനും ഉതകുന്ന ഫണ്ട് വകയിരുത്തിയിട്ടും ഏറ്റെടുത്ത് നടപ്പാക്കാഞ്ഞത് നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. 2017-18 സാമ്പത്തിക വർഷം വികസന ഫണ്ടിൽ നിന്നും വകയിരുത്തിയ 25000രൂപ ചെലവഴിക്കാത്ത സാഹചര്യത്തിൽ ടി തുക വികസന ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. ബാലസഭാ പ്രവർത്തനങ്ങൾ ഏകോകിപ്പിക്കുന്നതിനും ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നതിനും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 3-5 വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച 3496264 രൂപ ചെലവഴിക്കാൻ ബാക്കി നിൽക്കുന്നു

ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ B-4 പ്രകാരം ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകൾ വിവിധ ഗവ.ഏജൻസികൾ എന്നിവയിൽ നിന്നും ലഭിച്ച വിവിധ ഗ്രാന്റ് ഇനങ്ങളിൽ ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ധനകാര്യ പത്രികയിലെ കോഡ് നം. | | 31-03-18 ലെ നീക്കി ബാക്കി | 31-03-17ലെ നീക്കി ബാക്കി |
|---|---|---|---|---|
| 1 | 320100101 | Centrally Sponsored Scheme- (NREGA) | 78180 | 33733 |
| 2 | 320100115 | Centrally Sponsored Scheme- (TSC) | 84000 | 84000 |
| 3 | 320100121 | Centrally Sponsored Scheme- (ICDS) | 960283 | 475120 |
| 4 | 320200320 | Grants for Stadium and Play Grounds | 101992 | 101992 |
| 5 | 320200322 | Grants from Suchithva Mission | 25000 | 0 |
| 6 | 320200310 | Draught Relief Grant | 0 | 10000 |
| 7 | 320200399 | Grants, Funds and Contributions for specific purposes other than Development Fund& State Sponsored schemes | 297000 | 25000 |
| 8 | 320300103 | Grants, Funds and Contributions for specific purposes- Other Govt. Agencies (Total Sanitation) | 0 | 995928 |
| 9 | 320300199 | Grants, Funds and Contributions for specific purposes- Other Govt. Agencies | 20709 | 4641 |
| 10 | 320700204 | Contributions for Joint Venture projects (from Block Panchayaths) | 300500 | 190000 |
| 11 | 320700205 | Contributions for Joint Venture projects-District Panchayath | 1628600 | 0 |
| Total | | | 3496264 | |

- 320100101 NREGA സെൻട്രലി സ്പോൺസേർഡ് സ്കീം 78180 രൂപ നീക്കി ബാക്കിയുള്ളതിൽ 33733 രൂപ മുന്നിരുപ്പ് തുകയും 2017-18 ൽ കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ലഭിച്ച 89000 രൂപയിൽ ചെലവഴിച്ച 44400 രൂപയുടെ ബാക്കി 46600 രൂപയുമുൾപ്പടെയുള്ള തുകയാണ്.
- 320100115 TSC

| Credit | Cheque/DD No | Amt | Expenditure | Balance |
|---|---|---|---|---|

| Date | &Date | | | |
|---|---|---|---|---|
| 24.03.14 | 342284/14.03.14 | 41400 | 299000 | 115000 |
| 19.03.15 | 118528/21.01.15 | 69000 | 180000 | 4000 |
| 06.04.15 | 7729/31.03.15 | 6320000 | 420000 | 216000 |
| | | | 132000 | 84000 |

2016-17 സാമ്പത്തിക വർഷം മുതൽ 84000 രൂപ അക്കൗണ്ടിൽ ബാക്കി നിൽക്കുന്നു.

- 320100121-ICDS (ബ്ലോക്ക് ഷെയർ + സെൻട്രൽ ഷെയർ)

  2016-17 സാമ്പത്തിക വർഷം മുതൽ 475120 രൂപ ബാക്കി നിൽക്കുന്നു.

- 320200320 ഗ്രാന്റ്സ് ഫോർ സ്റ്റേഡിയം & പ്ലേ ഗ്രൗണ്ട്സ്

| Credit Date | Cheque/DD No &Date | Amt | Expenditure | Balance |
|---|---|---|---|---|
| 21.11.15 | 857727/11.11.15 | 360000 | 258008 | 101992 |

20171-18 മുതൽ 101992 രൂപ ചെലവഴിക്കാതെ അക്കൗണ്ടിൽ ശേഷിക്കുന്നു.

- 320200399 – ഗ്രാന്റ്സ് & ഫണ്ട്സ് ഫോർ സ്റ്റേറ്റ് സ്പോൺസേർഡ് സ്കീംസ്

| Credit Date | Amt | item | Expenditure | Balance |
|---|---|---|---|---|
| 20.03.18 | 28000 | വിമുക്തി പരിപാടി | 20500 | 4500 |
| 26.03.18 | 12500 | -ടി- | 0 | 12500 |
| | | പകൽ വീട് സായം പ്രഭ ഹോം ആക്കി മാറ്റുന്നതിന് | 0 | 280000 |
| ആകെ | | | | 297000 |

- 320200322 -ശുചിത്വ മിഷൻ ഗ്രാന്റ്- 25000 രൂപ ബാലൻസ് നിൽക്കുന്നു.
- 320300199 ഗ്രാന്റ്സ്, കോൺട്രിബ്യൂഷൻസ് ഫോർ സ്പെസിഫിക് പർപ്പസസ്

| Credit Date | Cheque/DD No &Date | Amt | Expenditure | Balance |
|---|---|---|---|---|
| | | | | 4641 |
| 20.02.18 | 509044/15.05.17 | 27400 | 12000 | 15400 |
| interst | | | | 668 |
| ആകെ | | | | 20709 |

- 320700204 ഗ്രാന്റ്സ് & ഫണ്ട്സ് ഫോർ സ്റ്റേറ്റ് സ്പോൺസേർഡ് സ്കീംസ്

  ബ്ലോക്ക് പഞ്ചായത്ത് വിഹിതം

-

| Credit Date | Cheque/ DD No & Date | Amt | Expenditure | Balance |
|---|---|---|---|---|
| 08-03-18 | Transferred to JV STSB account (NEFT) | 300000 | 67500 | 232500 |
| 26.03.18 | Project No.171/17 (ഭവന പുനരുദ്ധാരണം) | 95000 | 27000 | 68000 |
| ആകെ | | | | 300500 |

- 320700205 ഗ്രാന്റ്സ് & ഫണ്ട്സ് ഫോർ സ്റ്റേറ്റ് സ്പോൺസേർഡ്

  സ്കീംസ് ജില്ലാ പഞ്ചായത്ത് വിഹിതം

| Credit Date | Cheque/ DD No &Date | Amt | Expenditure | Balance |
|---|---|---|---|---|
| 14-03-18 | Project No. 89/17 Transferred to JV STSB account (NEFT) | 7700000 | 6071400 | 1628600 |

| | | | | |
|---|---|---|---|---|
| ആകെ | | | | 1628600 |

വിവിധ ഗ്രാന്റിനങ്ങളിലായി ലഭിച്ച തുകകളിൽ ചെലവഴിക്കാതെ അവശേഷിക്കുന്നവ പദ്ധതിയിൽ വകയിരുത്തി ചെലവഴിക്കുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 സാന്ത്വനം പാലിയേറ്റീവ് കെയർ പദ്ധതി - അധികൃതർ നിസ്സംഗത പുലർത്തുന്നു

സ.ഉ(സാധാ)നം.3217/15 ത.സ്വ.ഭ.വ. തീയതി 29.10.15 പ്രകാരം പാലിയേറ്റീവ് പരിചരണം നൽകേണ്ടതായ രോഗികളെ പി.എം.സി. അംഗീകാരത്തോടെ രജിസ്റ്റർ ചെയ്ത്, എല്ലാ കിടപ്പുരോഗികളുടെയും വിവരങ്ങൾ നോമിനൽ രജിസ്റ്ററിൽ ചേർക്കേണ്ടതും ഇത് സമയാസമയം ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റിൽ ചേർക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിന്റെ വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രൊജക്ടിൽ നിന്ന് തുക ചെലവഴിക്കാൻ പാടില്ലായെന്നിരിക്കെ വെബ്സൈറ്റിൽ ഇതു സംബന്ധിച്ച് യാതൊരു അപ്ഡേഷനും നാളിതുവരെ ചെയ്തിട്ടില്ല. വെബ്സൈറ്റിൽ ആവശ്യമായവ വിവരങ്ങൾ ഉൾപ്പെടുത്തി പരിചരണ സേവനങ്ങൾ നല്കുന്നവെന്ന് ഉറപ്പാക്കേണ്ടതാണ് (മേൽ പറഞ്ഞ ഓർഡർ ഖണ്ഡിക 2.5.5 മുതൽ 2.5.8 ).

ആയുർവ്വേദ/ഹോമിയോപ്പതി ചികിത്സാരീതികൾ പിന്തുടരുന്ന രോഗികൾക്ക് കഴിയുന്നിടത്തോളം അതുമായി ബന്ധപ്പെട്ട ഉപദേശ-നിർദ്ദേശങ്ങൾ നൽകുവാനും അവരുടെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഹോം കെയർ പ്രവർത്തനങ്ങളിൽ ആയുർവ്വേദ/ഹോമിയോപ്പതി ഡോക്ടർമാരെക്കൂടി ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന ബന്ധപ്പെട്ട ആയുർവ്വേദ / ഹോമിയോപ്പതി ഡോക്ടർമാരെ ഹോംകെയറിൽ ഉൾപ്പെടുത്താത്തതുമൂലം അവരുടെ സേവനങ്ങൾ കിടപ്പുരോഗികൾക്ക് ലഭ്യമാകുന്നില്ല. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ വിഷയത്തിൽ ശ്രദ്ധചെലുത്തേണ്ടതും തുടർ വർഷങ്ങളിൽ ഈ അപാകത പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-7 പാലിയേറ്റീവ് പദ്ധതിയുമായി ബന്ധപ്പെട്ട മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നില്ല

| | |
|---|---|
| പ്രൊജക്ട് | S0098/18 സാന്തന പരിചരണം |
| അടങ്കൽ | 4,00,000/- രൂപ (വികസന ഫണ്ട്)<br>8,00,000/- രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് തുക | 7,75,000/- രൂപ (മരുന്നു വാങ്ങൽ) |
| ബിൽ നം. | 117200900055 തീയതി 24.03.18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. ചാത്തൻങ്കരി |

പാലിയേറ്റീവ് പദ്ധതിയുമായി ബന്ധപ്പെട്ട മരുന്നുകൾ നിലവിൽ കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നുമാണ് വാങ്ങുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ 7,75,000 രൂപ മരുന്നുവാങ്ങുവാനായി കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ അടച്ചുവെങ്കിലും നാളിതുവരെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. തുക അടച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രഫോമ ഇൻവോയിസ് നം. & തീയതി | നൽകിയ തുക |
|---|---|
| PRF 1966 തീയതി 23.03.18 | 46,177 |
| PRF 5360 തീയതി 23.03.18 | 3,28,823 |
| PRF 5362 തീയതി 23.03.18 | 4,00,000 |
| ആകെ 7,75,000 | |

തീർത്തും അവശരായ കിടപ്പുരോഗികൾക്ക് യഥാസമയം മരുന്നുകൾ ലഭ്യമാക്കാൻ ബന്ധപ്പെട്ട ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി സമ്മർദ്ദം ചെലുത്തേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-8 മരാമത്ത് പ്രവൃത്തികൾ-രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല

മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കണ്ട പ്രധാനപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1. എഗ്രിമെന്റിൽ തീയതി,നമ്പർ, വ്യവസ്ഥകൾഎന്നിവ എഴുതിച്ചേർക്കുന്നില്ല.
2. സൈറ്റ് പ്ളാൻ,ഡീറ്റെയിൽഡ് എസ്റ്റിമേറ്റ്,എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ എല്ലാ ഫയലിലും ഉൾപ്പെടുത്തിയിട്ടില്ല.
3. കരാറുകാർക്ക് നല്കേണ്ട സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ വിവരങ്ങൾ, പ്രവൃത്തിസ്ഥലം കൈമാറിയതിന്റെ കത്ത്,കരാറുകാരൻ കത്ത് കൈപ്പറ്റിയതിന്റെ വിവരങ്ങൾ എന്നിവയും ഫയലിൽ ഇല്ല.
4. കരാറുകാർ ക്വാട്ട് ചെയ്ത നിരക്കുകളും താരതമ്യപ്പട്ടികയും എഴുതിയിട്ടില്ല. ടെൻഡർ രജിസ്റ്ററിൽ നിന്നാണ് ടെൻഡർ വിവരങ്ങൾ ലഭ്യമായത്.
5. ടെൻഡർ ഫോറങ്ങളുടെ കൃത്യമായ കണക്ക് കാണിയ്ക്കുന്ന രജിസ്റ്റർ എഴുതിസൂക്ഷിയ്ക്കുന്നില്ല.
6. എം ബുക്കിലും ബില്ലിലും മെമ്മോറാണ്ടം ഓഫ് പേയ് മെന്റ് എഴുതിച്ചേർക്കുന്നില്ല.

7. ബിൽ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നികതി ഇനത്തിൽ ഈടാക്കിയ തുക

യുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

മേൽ അപാകതകൾ പരിഹരിയ്ക്കേണ്ടതും വരുംവർഷങ്ങളിൽ ആവർത്തിയ്ക്കാതിരിയ്ക്കുന്നതിനും ശ്രദ്ധിയ്ക്കേണ്ടതാണ്.

## 3-9 ആസ്തി സംരക്ഷണ പദ്ധതികൾ-മാർഗ്ഗരേഖനിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല

റോഡ് സംരക്ഷണ പദ്ധതികൾക്കായി 7725114 രൂപയും റോഡിതരആസ്തികളുടെ സംരക്ഷണത്തിനായി 1313113 രൂപയും 2017-18 വർഷം ചെലവഴിച്ചിട്ടുണ്ട്.അതായത് തൻവർഷം ലഭിച്ച തുകയുടെ 70% വീതം.എന്നാൽ റോഡ് / റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി ആസ്തിസംരക്ഷണ പദ്ധതി വിഭാവനം ചെയ്യേണ്ടതാണെന്ന പദ്ധതിമാർഗ്ഗരേഖ നിർദ്ദേശം പാലിച്ചിട്ടില്ല. സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തികൾ വിപുലപ്പെടുത്തുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ഘടകസ്ഥാപനങ്ങളുടെ നിലവാരം ഉയർത്തുന്നതിനായി ആവിഷ്കരിച്ച താഴെപ്പറയുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയില്ല.

| ക്രമ നം. | പ്രോജക്ടിന്റെ നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 205/18 | വി.പി. സ്മാരക ഗ്രന്ഥശാലയ്ക്ക് അടിസ്ഥാനസൗകര്യം | 50000 |
| 2 | 177/18 | കൃഷിഭവൻ കെട്ടിടം -പുനരുദ്ധാരണം | 305000 |
| 3 | 107/18 | പകൽവീട് അറ്റകുറ്റപ്പണി | 311300 |
| 4 | 93/18 | സ്കൂളുകളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ | 300000 |

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പദ്ധതി മാർഗ്ഗരേഖനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മെയിന്റൻസ് പ്ളാൻ തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതാണ്.
2. ഘടകസ്ഥാപനങ്ങളുടെ ഭൗതികസാഹചര്യം ഉയർത്തുന്നതിന് മുൻഗണന നല്കേണ്ടതാണ്.
3. വർക്കിംഗ് ഗ്രൂപ്പുകളിലും സ്റ്റാൻഡിംഗ് കമ്മറ്റികളിലും വിശദമായ ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രോജക്ടുകൾ ആവിഷ്കരിയ്ക്കുന്നതിന് ശ്രദ്ധിയ്ക്കേണ്ടതാണ്.

## 3-10 പൊതുമരാമത്തു പ്രവർത്തികൾ ഫണ്ട് വകയിരുത്തലും നിർവ്വഹണവും

അസിസ്റ്റന്റ് എഞ്ചിനിയർ ഉദ്യോഗസ്ഥനായി നടപ്പിലാക്കുന്നതിനായി 34 സ്പിൽ ഓവർ ഉൾപ്പെടെ 87 പ്രൊജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 25 സ്പിൽ ഓവർ പ്രൊജക്ടുകളും 41 പുതിയ പ്രൊജക്ടുകളും ഉൾപ്പെടെ 66 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. വകയിരുത്തിയ 20806166 രൂപയിൽ 12528774 രൂപ അതായത് 60.21 % ചെലവഴിച്ചിട്ടുണ്ട്.

34 സ്പിൽ ഓവർ പ്രൊജക്ടുകളിൽ പൂർത്തീകരിച്ച 25 എണ്ണം ഒഴിവാക്കിയാൽ താഴെ പറയുന്ന പ്രൊജക്ടുകൾ 18-19 ലും പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് നം./പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | പൂർത്തീകരണ വിവരം |
|---|---|---|---|
| 1. | 176/17-18 പെരിഞ്ചാത്രപ്പടി മുണ്ടത്താനത്ത്പടി റോഡ് പുനരുദ്ധാരണം | 70000 | |
| 2. | 177/17-18 കൃഷിഭവൻ കെട്ടിടം പുനരുദ്ധാരണം | 305000 | പദ്ധതി ഉപേക്ഷിച്ചു |
| 3. | 193/17-18 മാടമ്പിൽപടി - അമ്പലത്തറ റോഡ് | 150000 | |
| 4. | 194/17-18 വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 59444 | പദ്ധതി ഉപേക്ഷിച്ചു |
| 5. | 200/17-18 വീട് വയറിംഗ് സമ്പൂർണ്ണ വൈദ്യുതീകകരണം | 160000 | പദ്ധതി ഉപേക്ഷിച്ചു |
| 6. | 204/17-18 നിഴലകത്ത്പടി വലിയപെരിങ്ങരപടി റോഡ് മെയിന്റനൻസ് | 150000 | പദ്ധതി ഉപേക്ഷിച്ചു |
| 7. | 205/17-18 ഗ്രന്ഥശാല ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ | 50000 | പദ്ധതി ഉപേക്ഷിച്ചു |
| 8. | 219/17-18 കാർഷിക | 495000 | 18-19 ലും |

| | | | |
|---|---|---|---|
| | കർമ്മസോനയ്ക്ക് ഉപകരങ്ങൽ സൂക്ഷിക്കുന്നതിന് കെട്ടിടം | | ചെയ്തിട്ടില്ല |

മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8 പ്രകാരം സ്പിൽ ഓവർ പ്രൊജക്ടുകൾ സ്പിൽ ഓവറായ അതേവർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. സ്പിൽഓവറായ 8 പ്രൊജക്ടുകൾ 18-19 വർഷം ഉപേക്ഷിക്കുകയോ ഓഡിറ്റ് തീയതി വരെ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല.

പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിറ്റ്സിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനുള്ള ക്രിയാത്മക ചർച്ചകൾ നടത്തിയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് / ഊർജ്ജം വർക്കിംഗ് ഗ്രൂപ്പ് ചേർന്നിട്ടുണ്ടെങ്കിലും മിനിട്സ് എഴുതിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ വിശദമായ പ്രൊജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതാണെന്നും ഓരോ പ്രൊജക്ടിന്റെയും യുക്തി, ക്ഷമത, പ്രായോഗിക നിയമസാധുത വിജയസാധ്യത എന്നിവയിൽ ചർച്ചചെയ്ത് ഉറപ്പുവരുത്തേണ്ടതാണെന്നുള്ള പദ്ധതി നിർദ്ദേശം പാലിച്ചിട്ടില്ലായെന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 53 പ്രവൃത്തികൾക്ക് എഗ്രിമെന്റ് ചമച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 43 പ്രവൃത്തികൾക്ക് ജനവരി മാസത്തിലും 9 പ്രവൃത്തികൾക്ക് ഫെബ്രുവരി മാസത്തിലുമാണ് കരാർ വച്ചിട്ടുള്ളത്. മൂന്നുമാസ കാലയളവ് പൂർത്തീകരണത്തിനായി രേഖപ്പെടുത്തിയിട്ടുള്ള പ്രവർത്തികൾക്ക് ഫെബ്രുവരിയിൽ കരാറുടമ്പടി വയ്ക്കുന്നതുമൂലം സാമ്പത്തിക വർഷാവസാനം വരെ പൂർത്തീകരണത്തിന് സമയം ലഭിക്കുന്ന സാഹചര്യമാണ് സംജാതമാകുന്നത്. മാർച്ച് മാസത്തിലെ അവസാനം വരെ പ്രവൃത്തിപൂർത്തീകരണം ദീർഘിപ്പിക്കുന്നതുമൂലം പല പ്രവൃത്തികൾക്കും ബിൽ സമർപ്പിക്കുന്നതിന് കഴിയാതെവരികയും പ്രവൃത്തികൾ സ്പിൽഓവർ ആകുന്ന പ്രവണത കണ്ടു വരികയും ചെയ്യുന്നു.

രണ്ടു ലക്ഷമോ അതിൽ കുറവോ അടങ്കലുള്ള 65 പ്രവൃത്തികൾ ആവിഷ്ക്കരിച്ചത് പ്രൊജക്ടുകളുടെ ബാഹുല്യത്തിന് കാരണമായിട്ടുണ്ട്. ആവിഷ്ക്കരിക്കപ്പെട്ട 87 പ്രൊജക്ടുകളിൽ 74 എണ്ണവും റോഡ് പുനരുദ്ധാരണത്തിനുള്ളവയായിരുന്നു. ചെറിയ അടങ്കലിൽ റോഡിന് പാർശ്വഭിത്തി നിർമ്മിച്ച് മണ്ണ് / മക്ക് ഉപയോഗിച്ച് റോഡ് ഉയർത്തുന്ന പുനരുദ്ധാരണ പ്രവൃത്തികളാണ് ഭൂരിഭാഗം റോഡ് പ്രവൃത്തികളിലും നടന്നിട്ടുള്ളത് . സ.ഉ.(എം.സ്.) 72/2017/ ത.സ്വ.ഭ.വ തീയതി 29.03.2017 ഖണ്ഡിക 6 പ്രകാരം നിർമ്മാണ പ്രൊജക്ടുകൾ നടപ്പിലാക്കേണ്ട രീതിയിൽ 500000 രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾ ഇ-ടെൻഡറായി നിർവ്വഹിക്കുവാൻ മുൻഗണന നൽകേണ്ടതാണെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. ടെൻഡർ മുഖാന്തിരമാണ് പ്രവൃത്തി നടപ്പിലാക്കിയതെങ്കിലും പ്രവൃത്തികൾക്കെല്ലാം തന്നെ ഒന്നോ രണ്ടോ ടെൻഡറുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളതെന്നും അതിൽ ഒരെണ്ണം എസ്റ്റിമേറ്റ് നിരക്കും മറ്റുള്ളത് എസ്റ്റിമേറ്റ് നിരക്കിന് മുകളിലുള്ളവയുമാണെന്ന കണ്ടു. ഇ-ടെൻഡർ നടപ്പാക്കാതിരുന്നതുമൂലം ടെൻഡർ സമർപ്പിച്ച കരാറുകാരുടെ എണ്ണം കുറയുന്നതിനും അതുവഴി മത്സരാധിഷ്ഠിത ടെൻഡറുകളുടെ എണ്ണം കുറയുന്നതിനും കാരണമായെന്ന ഓഡിറ്റ് വിലയിരുത്തുന്നു. കുറഞ്ഞ അടങ്കലിൽ കൂടുതൽ പ്രൊജക്ടുകൾ ആവിഷ്ക്കരിക്കുന്നതൊഴിവാക്കി കൃത്യമായ സ്ഥിതിവിവര കണക്കുകളേയും റോഡ് മാപ്പിനേയും അതിന്റെ കണക്ടിവിറ്റി പ്ലാനിനേയും അടിസ്ഥാനമാക്കി യഥാർത്ഥ ആവശ്യകതയ്ക്കു മുൻഗണന നൽകി പദ്ധതികൾ ആവിഷ്ക്കരിച്ച് പ്രൊജക്ടുകളുടെ എണ്ണം കുറയ്ക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സ്പിൽ ഓവർ പ്രൊജക്ടുകൾ സ്പിൽ ഓവർ ആകുന്ന വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണ്.
2. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതിയുടെ ആസൂത്രണം മുതൽ നിർവ്വഹണം വരെ മോണിറ്റർ ചെയ്യേണ്ടതാണ്.
3. വർക്കിംഗ് ഗ്രൂപ്പുകളിലൂടെയുള്ള പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ട് ഭരണസമിതിയ്ക്കും നിർവ്വഹണ ഉദ്യോഗസ്ഥനും നൽകേണ്ടതും ചുമതല വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടേതാണ്. ഈ ചുമതല യഥാസമയം നിർവ്വഹിക്കേണ്ടതാണ്.
4. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുടർ വർഷങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 കണക്ടിവിറ്റി പ്ലാൻ, റോഡ് മാപ്പ് എന്നിവ തയ്യാറാക്കിയിട്ടില്ല

കണക്ടിവിറ്റി പ്ലാൻ, റോഡ് മാപ്പ് എന്നിവ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഒരേ റോഡിൽ ഒന്നിലധികം പ്രൊജക്ടുകൾ തയ്യാറാക്കി നിർവ്വഹണം നടത്തിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പ്രവൃത്തിയുടെ പേര് | വകയിരുത്തിയ തുക | ചെലവ് തുക | വർക്ക് ഏറ്റെടുത്ത ആൾ |
|---|---|---|---|---|
| 1. | 50/17-18 ഇടിച്ചൻപടി-മട്ടയ്ക്കൽപടി സ്കൂൾ പാർശ്വഭിത്തി നിർമ്മാണം | 101600 (CFC)<br>61733 (Road) | 84567 (CFC)<br>61733 (Road) | ബിനോയ് വി.പി. |
| 2. | 157/18 ഇടിച്ചൻപടി-മട്ടയ്ക്കൽപടി സ്കൂൾ സൈഡ് കെട്ട് | 101600 (CFC) | 88454 (CFC) | " |
| 3. | 238/17-18പടനേത്തുപ്പടി പുളിമൂട്ടിൽപടി റോഡ് പുനരുദ്ധാരണം | 125000 (Road) | 124410 | ജോൺ എം. ജോൺ |
| 3. | 246/18പടനേത്തുപ്പടി പുളിമൂട്ടിൽപടിറോഡ് പുനരുദ്ധാരണം | 40000 (Road) | 326402 | " |
| 4. | 265/17-18 PWD മണ്ണകച്ചേരി റോഡ് പുനരുദ്ധാരണം | 48666 (Road) | 46665 | കെ.റ്റി.വർഗ്ഗീസ് |
| 5. | 237/17-18 PWD മണ്ണകച്ചേരി റോഡ് പുനരുദ്ധാരണം | 118333 (CFC) | - | " |
| 6. | 164/17-18മൂന്നാംചിറ/f-അട്ടിയിൽപടി റോഡ് പാർശ്വഭിത്തി നിർമ്മാണം | 50000(Road) | 41896 | ഐപ്പ് എം. |
| 7. | 249/17-18 മൂന്നാംചിറ/f-അട്ടിയിൽപടി റോഡ് | 50000 | 49992 | " |

| | | | | |
|---|---|---|---|---|
| | പാർശ്വഭിത്തി നിർമ്മാണം | | | |
| 8. | 241/17-18 തോപ്പിൽ കോളനി വികസനം | 100000(SCP) | 89846 | ജോൺ എം. ജോൺ |
| 9. | 158/17-18 തോപ്പിൽ കോളനി വികസനം | 100000(SCP) | - | അബ്ദുൾ സമദ് കെ.എസ്. |

പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ നിർവഹണം കാര്യക്ഷമമാക്കുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 3-12 പടവിനകം പാടശേഖരം-വാച്ചാൽ തോട് സംരക്ഷണം-പദ്ധതിതുക ലാപ്സായി

| | |
|---|---|
| പ്രോജക്ട് നം | 63/17 |
| പ്രോജക്ടിന്റെ പേര് | പടവിനകം പാടശേഖരം-വാച്ചാൽ തോട് സംരക്ഷണം |
| അടങ്കൽ | 50000 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനിയർ |

2016-17 വർഷം നടപ്പിലാക്കിയ മേൽ പ്രോജക്ടിന്റെ ചെലവിലേയ്ക്കായി 31-3-2017 ൽ 182ാം നംപർ അലോട്ട്മെന്റായി 49007 രൂപ അനുവദിയ്ക്കുകയും വൗച്ചർ നം 21600882 ആയി ചെലവ് രേഖപ്പെടുത്തുകയും ചെയ്തിരുന്നു. ടി ചെലവ് ഉൾപ്പെടെയുള്ള തുക വാർഷിക കണക്കിലും കാണിച്ചിട്ടുണ്ട്. 19-10-2017 ലെ കത്ത് മുഖേന ടി പ്രോജക്ടിന്റെ അലോട്ട്മെന്റ് ബില്ല് ട്രഷറിയിൽ സമർപ്പിച്ചില്ല എന്നും അലോട്ട്മെന്റും പേയ്മെന്റ് ഓർഡറും ക്യാൻസൽ ചെയ്യണമെന്ന അസിസ്റ്റന്റ് എൻജിനിയർ, സെക്രട്ടറിയെ അറിയിച്ചു. 2017-18 ലേയ്ക്കുള്ള സ്പിൽ ഓവർ പ്രോജക്ടുകൾക്ക് അംഗീകാരം നല്കി കഴിഞ്ഞതിനാൽ ടി പ്രോജക്ട് ഉൾപ്പെടുത്തുവാനും കഴിഞ്ഞില്ല.തുടർന്ന് 2018-19 ൽ പ്രോജക്ട് വയ്ക്കാതെ തനതുഫണ്ടിൽ നിന്നും ചെക്ക് നം. 2698/5-5-18 പ്രകാരം തുക നല്കി. 2016-17 വർഷത്തെ വാർഷിക ധനകാര്യപത്രികയെ ബാധിയ്ക്കുന്നതാകയാൽ ഈ പ്രശ്നത്തിന് ഒരു പരിഹാരമാർഗ്ഗമോ, പഞ്ചായത്ത് സ്വീകരിയ്ക്കേണ്ട നടപടിക്രമങ്ങളോ നിർദ്ദേശിയ്ക്കുന്നതിനായി ഡിഡിപിയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും 31-3-2017 ൽ അലോട്ട്മെന്റ് നല്കി പേയ്മെന്റ് ഓർഡർ അടിച്ചതുമായ ബില്ല് സാംഖ്യ സുലേഖ പ്ലാൻ കണക്കുകളിൽ നിന്നും ഒഴിവാക്കുന്നതിന് വകുപ്പുതലത്തിൽ നടപടി സ്വീകരിയ്ക്കാൻ കഴിയില്ലയെന്നും ടി വിഷയം തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി പേർക്ക് അനുകൂല നടപടികൾക്കായി നൽകുന്നതിനും നിർദ്ദേശം ലഭിച്ചിരുന്നു. തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് 25-01-2018-ൽ കത്ത് നല്കിയിട്ടുണ്ടെങ്കിലും മറുപടി ലഭിച്ചില്ല. 02-5-2018-ലെ കോ.ഓർഡിനേഷൻ സമിതി 2018-19 ലേയ്ക്ക് ടി പ്രൊജക്ടിന് അംഗീകാരം നല്കിയിട്ടുണ്ടെങ്കിലും തനതു ഫണ്ടിൽ നിന്നും മുൻകൂറായി തുക നല്കി. നിർവ്വഹണ ഉദ്യോഗസ്ഥയുടെ അനാസ്ഥ മൂലം 49007രൂപ ലാപ്സായതിൻമേൽ വകുപ്പുതലത്തിൽ നടപടികൾ സ്വീകരിയ്ക്കാൻ ശുപാർശ ചെയ്യുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകളുടെ വിവരങ്ങൾ

തൻവർഷം സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ചതും വിനിയോഗിച്ചതുമായ ഫണ്ടുകളുടെ വിനിയോഗവിവരം ചുവടെ കൊടുക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ വിവരം | ചെലവ് | ബാലൻസ് | പൂർത്തീകരണ വിവരം |
|---|---|---|---|---|---|
| പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് | 60,71,400 | നെൽകൃഷിക്ക് കൂലിചെലവ്<br>S0089/18 | 60,71,400 | 0 | പൂർത്തീകരിച്ചു |
| „ | 95,000 | ഭവന പുനരുദ്ധാരണം<br>S0171/18 | 27,000 | 68,000 | 2018-19-ൽ സ്പിൽ ഓവർ ആയി ഉൾപ്പെടുത്തി |
| „ | 2,20,000 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുൾക്ക് സ്കോളർഷിപ്പ്<br>S0025/18 | 2,00,000 | 20,000 | പൂർത്തീകരിച്ചു |
| „ | 3,00,000 | ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി<br>S0229/18 | 3,00,000 | 0 | പൂർത്തീകരിച്ചു |
| „ | 5,70,000 | പട്ടികജാതി കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ<br>S0015/18 | 67,500 | 5,02,500 | പൂർത്തീകരിച്ചു |
| “ | 1,90,000 | കറ്റിക്കാട്ടുപടി പുത്തൻതോട് റോഡ് പുനരുദ്ധാരണം<br>S0187/18 | 1,90,000 | 0 | പൂർത്തീകരിച്ചു |
| ജില്ലാ പഞ്ചായത്ത്, പത്തനംതിട്ട | 5,00,000 | നെൽകൃഷിക്ക് കൂലിചെലവ് | 5,00,000 | 0 | പൂർത്തീകരിച്ചു |

| | | | | | |
|---|---|---|---|---|---|
| | | S0089/18 | | | |
| ,, | 8,00,000 | സാന്ത്വന പരിചരണം S0098/18 | 8,00,000 | 0 | പൂർത്തീകരിച്ചു |
| ,, | 1,00,000 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുൾക്ക് സ്കോളർഷിപ്പ് S0025/18 | 1,00,000 | | പൂർത്തീകരിച്ചു |

ബാക്കി നിൽക്കുന്ന തുകകൾ ഉദ്ദേശലക്ഷ്യങ്ങൾക്ക് അനുസൃതമായി അടിയന്തിരമായി ചെലവഴിക്കേണ്ടതും, അല്ലാത്തപക്ഷം തിരിച്ചടയ്ക്കുകയും ചെയ്യേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നം./പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് ചെയ്ത തുക, ചെക്ക്/ഡി.ഡി./ ചലാൻ നം | പൂർത്തീകരിച്ച വിവരം |
|---|---|---|---|
| കേരള ജല അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ S0008/18 | രൂ. 12,00,000 31/17-18 dt 12.01.18) | പദ്ധതി പൂർത്തീകരിച്ചില്ല |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ S0079/18 | രൂ. 1170625 1705075200760085O384, 851838, 851880, 1183441, 1218827 | പദ്ധതി പൂർത്തീകരിച്ചില്ല |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റിയിടൽ S0278/18 | രൂ. 3500000 1705075200760131272 / 23.03.18 | പദ്ധതി പൂർത്തീകരിച്ചില്ല |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 5,6 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ S0188/18 | രൂ. 103785 17050752008500560515 / 17.10.2017 | പൂർത്തീകരിച്ചില്ല |
| കേരള ജല അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ വാർഡ് 6 S0070/18 | രൂ. 243000 17050752007701132645 / 20.03.18 | പദ്ധതി പൂർത്തീകരിച്ചില്ല |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 3, 11 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ S0073/18 | രൂ. 155325 17050752007701289889 / 24.03.18 | പദ്ധതി പൂർത്തീകരിച്ചില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി തുക ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം മരാമത്ത് വായ്പാ തിരിച്ചടച്ചവ് ഒന്നും ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ /തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2008-09 | 3-9 | 75 | കെ. സദാനന്ദൻ (മുൻ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ) | 117010104554<br>dtd. 05.01.18 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2009-10 | 2-1 | ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ വീഴ്ച | പരാമർശം നിലനിൽക്കുന്നു |
| 2009-10 | 3-4(1), 4(2), 4(3), 4(4), 4(5) | നിക്ഷേപ വേലകൾ പൂർത്തിയാക്കാത്തത് | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക ഉൾപ്പെടെ) | 76015738.76 രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 67195766 രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | സ്ഥിരവിലാസം | ഓഡിറ്റ് വേളയിലെ വിലാസം |
|---|---|---|
| ഇല്ല | | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| *ഓഡിറ്റ് വർഷം* | *ഈ വകുപ്പിൽ നിന്നും ഏറ്റവും ഒടുവിൽ പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം* | *അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണ* |
|---|---|---|
| 1999-00 | എൽ.എഫ്.പി.റ്റി.എ. പി4 -198/03 തീയതി 16.08.03/12.12.04 | എല്ലാ ഖണ്ഡികകളും |

| | | |
|---|---|---|
| 000-01 | എൽ.എഫ്.പി.റ്റി.എ. പി4 -199/03 തീയതി 08.10.2004 | എല്ലാ ഖണ്ഡികകളും |
| 2001-02 | എൽ.എഫ്.പി.റ്റി.എ. പി4 -687/03 തീയതി 05.04.02/02.08.04 | 1 ഖണ്ഡിക |
| 2002-03 | എൽ.എഫ്.പി.റ്റി.എ. പി4 -686/03 തീയതി 13.11.06/26.03.07 | 6 ഖണ്ഡികകൾ |
| 2003-04(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി5-917/07 തീയതി 312.03.08/15.05.08 | 4 ഖണ്ഡികകൾ |
| 2005-06 | എൽ.എഫ്.പി.റ്റി.എ. പി6 -781/08 തീയതി 30.06.09 | 6 ഖണ്ഡികകൾ |
| 2006-07 | എൽ.എഫ്.പി.റ്റി.എ. പി6 -780/08 തീയതി 22.06.09 | 10 ഖണ്ഡികകൾ |
| 2007-08 | എൽ.എഫ്.പി.റ്റി.എ. പി6 -472/09/ തീയതി 04.08.09 | 11ഖണ്ഡികകൾ |
| 2008-09 | എൽ.എഫ്.പി.റ്റി.എ. പി6 -145/11തീയതി 05.08.11 | എല്ലാ ഖണ്ഡികകളും |
| 2009-10 & 2010-11 | എൽ.എഫ്.പി.റ്റി.എ.പി11-425/13തീയതി 11.09.13/03.05/14 | എല്ലാ ഖണ്ഡികകളും |
| 2011-12 | എൽ.എഫ്.പി.റ്റി.എ.പി11 -426/13തീയതി 11.09.13/03.05/14 | എല്ലാ ഖണ്ഡികകളും |
| 2012-13 | എൽ.എഫ്.പി.റ്റി.എ.പി4 -1053/14 തീയതി 16.01.15/09.02.15 | എല്ലാ ഖണ്ഡികകളും |
| 2013-14, 2014-15 | കെ.എസ്.എ.പി.റ്റി.എ.പി.4-1123/15തീയതി 04.12.15/08.12.15 | 8 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി - 4-1380/2016തീയതി 12.01.2017 | 21 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ പി - 4-824/17തീയതി 04.08.2017 | 20 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്
ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

# ANNEXURE - I

# AUDIT CERTIFICATE

No.KSA.PTA.P4-99/19 Date: 20-02-2019

Certified that I have examined the Annual Financial Statement of Peringara Grama Panchayat in Pathanamthitta district for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Peringara Grama Panchayat for the year 2017-18 except the obeservations in para 1-13 of my report properly presents the picture of income and expenditure.

Habeeb Mohammed
Deputy Director (H.G)
Kerala State Audit Department
Pathanamthitta

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി-4/99/19 തീയതി :20.02.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-13-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട